I ഇ.ബി. XIV - കേരള നിയമസഭ/II-7

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 04, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

അടിയന്തരപ്രമേയാവതരണ നോട്ടീസ് പിൻവലിച്ചത്

മി. സ്പീക്കർ: റൂൾ 50 പ്രകാരം അടിയന്തരപ്രമേയാവതരണത്തിനുള്ള നോട്ടീസ് നൽകിയശേഷം പിൻവലിക്കുന്ന നടപടി ഖേദകരമാണ്. ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

## II ശ്രദ്ധക്ഷണിക്കൽ

### താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടൽ

ശ്രീ. കെ. രാജൻ: എസ്.ബി.റ്റി.-യെ എസ്.ബി.ഐ.-യുമായി ലയിപ്പിക്കുകയും ബാങ്കിംഗ് ശാഖകൾ അടച്ചുപൂട്ടി തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്യുന്ന തൊഴിലാളി വിരുദ്ധ നീക്കത്തെ സർക്കാർ ഗൗരവമായി കാണണം. എസ്.ബി.റ്റി.-യുടെ വിവിധ ശാഖകളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ എസ്.ബി.ഐ. മാനേജ്മെന്റ് നിർദ്ദേശിച്ചിരിക്കുകയാണ്. 20 വർഷത്തോളം എസ്.ബി.റ്റി. ശാഖകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഏകപക്ഷീയമായി പിരിച്ചുവിടുന്ന നടപടി അവസാനിപ്പിക്കാനും സമരം നടത്തുന്ന തൊഴിലാളി സംഘടനകളുമായി ചർച്ച നടത്താനും ഗവൺമെന്റ് തയ്യാറാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): നിയമനം, പ്രൊമോഷൻ, സ്ഥലംമാറ്റം, ശമ്പളഘടന മറ്റ് സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടെയുള്ള കാര്യങ്ങളിന്മേൽ ബാങ്കുകൾ നിലവിലുള്ള മാനദണ്ഡം പാലിക്കുന്നില്ല. എസ്.ബി.റ്റി.-യെ എസ്.ബി.ഐ.-യുമായി ലയിപ്പിക്കാനുള്ള നീക്കം

സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമായതിനാൽ കേന്ദ്ര സർക്കാരും ആർ.ബി.ഐ.-യും ഇതിൽനിന്നും പിൻമാറണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ പാസ്സാക്കിയ പ്രമേയം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എസ്.ബി.റ്റി. ശാഖകളിൽ പ്യൂൺ, സ്വീപ്പർ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ചുകൊണ്ട് പ്രസ്തുത തസ്തികകളിൽ നിയമിക്കുന്നതിനായി സെൻട്രൽ റീജിയണൽ കമ്മീഷണറുമായി കൂടിയാലോചനകൾ നടത്തിവരികയാണ്. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി എസ്.ബി.റ്റി.യെ സ്വതന്ത്രമായി നിലനിർത്തി തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനും നിലവിലുള്ള സംവിധാനം തുടരുന്നതിനും നിയമാനുസൃതം നിയമനം നടത്തുന്നതിനുമാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ബാങ്ക് സംഘടനാ നേതാക്കളും സെൻട്രൽ റീജിയണൽ കമ്മീഷണറുമായി 16.10.2016-ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന ചർച്ചയുടെ വിശദാംശങ്ങൾ പരിശോധിച്ചശേഷം സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. )

## III സബ്മിഷൻ

### (1) പോലീസ് വകുപ്പിലെ നിയമനം

ശ്രീ. എ. എൻ. ഷംസീർ : പോലീസ് വകുപ്പിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളുടെ കീഴിലുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എല്ലാ വകുപ്പുകളും ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നുള്ളതു പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം ഇപ്പോഴില്ല. കെ.എ.പി.3 ബറ്റാലിയനിൽ എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 341 അഡ്വൈസും കെ.എ.പി. 4 ബറ്റാലിയനിൽ 161 അഡ്വൈസും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുള്ളത് നിയമന ഉത്തരവ് നൽകുന്നതിനായി ബന്ധപ്പെട്ട ബറ്റാലിയൻ ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2017 ഡിസംബർ വരെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലുണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## (2) റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ്: റബ്ബർ വിലയിടിവുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കർഷക വിരുദ്ധ നിലപാട് സ്വീകരിക്കുന്ന റോയൽ മാർക്കറ്റിംഗ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സിനെതിരെ അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നുണ്ട്. നാളിതുവരെ 2,98,295 കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പേര് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരികയാണ്. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനനുസരിച്ച് രണ്ടാഴ്ചയിലൊരിക്കൽ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നുണ്ട്. 26.09.2016 വരെയുള്ള സബ്സിഡി തുക റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പദ്ധതി പ്രവർത്തനത്തിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിനും ബന്ധപ്പെട്ടവരുടെ യോഗം

ഉടൻ ചേരുന്നതാണ്. കർഷകരെ ദ്രോഹിക്കുന്ന നിലപാട് സ്വീകരിക്കുന്ന കമ്പനികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ആസിയാൻ കരാറിന്റെ ചുവട് പിടിച്ചുകൊണ്ട് യൂറോപ്യൻ രാജ്യങ്ങളടക്കം ചേർന്ന് ചുങ്കരഹിതമായി റബ്ബറുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാനുള്ള കരാറിൽ ഏർപ്പെടാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ രണ്ടുതവണ കത്തയയ്ക്കുകയും കേന്ദ്രമന്ത്രിയുമായി നേരിട്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

## (3) കോൾ നിലങ്ങളിലെ കൃഷി

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കൃഷി ആരംഭിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനും റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിനും നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്ന ചണ്ടി, കുളവാഴ തുടങ്ങിയവ നീക്കം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കോൾ നിലങ്ങളിലെ ചാലുകളിൽ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാനുള്ള മൺചിറകളുടെ നിർമ്മാണത്തിനും റെഗുലേറ്ററുകളുടെ അറ്റകുറ്റപ്പണികൾക്കും ആവശ്യമായ തുക ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

(4) മാവൂരിൽ പി.എച്ച്.സി.

ശ്രീ. പി. ടി. എ. റഹീം: മാവൂരിൽ പി.എച്ച്.സി. അനുവദിക്കുന്നതിനും കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചെറൂപ്പ സി.എച്ച്.സി.-യുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മാവൂർ ഗ്രാമപഞ്ചായത്തിലെ ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിനെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഈ സ്ഥാപനത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെയും ഡോക്ടർമാരുടെയും നിയന്ത്രണം ആരോഗ്യ വകുപ്പിന്റെ കീഴിലാണ്. പഞ്ചായത്തിൽ ഒരു പി.എച്ച്.സി. നിലവിലുള്ള സാഹചര്യത്തിൽ പുതിയതായി പി.എച്ച്.സി. അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല. നിലവിലുള്ള രീതിയിൽ ഭരണനിർവ്വഹണം നിലനിർത്തിക്കൊണ്ട് പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത യൂണിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുകൂടി ശ്രദ്ധിക്കാൻ കഴിയുന്ന രീതിയിൽ ക്രമീകരിക്കാനാണ് ശ്രമിക്കുന്നത്.

(5) സാക്ഷരതാ പ്രേരക്മാരുടെ വേതന വർദ്ധനവ്

ശ്രീ. കെ. ഡി. പ്രസേനൻ: കേരള സംസ്ഥാന സാക്ഷരതാ മിഷനുകീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കേരള സംസ്ഥാന സാക്ഷരതാ മിഷനുകീഴിൽ ആകെ 2239 സാക്ഷരതാ പ്രേരക്മാരാണ് ജോലി ചെയ്തുവരുന്നത്. തുടർവിദ്യാകേന്ദ്രത്തിലെയും വികസന വിദ്യാകേന്ദ്രത്തിലെയും മാതൃകാ വികസന വിദ്യാകേന്ദ്രത്തിലെയും സാക്ഷരതാ പ്രേരക്മാരുടെ നിലവിലെ പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(6) നെൻമാറയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം

ശ്രീ. കെ. ബാബു: നെൻമാറ നിയോജകമണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : നെന്മാറ നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ആലോചിച്ച് ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(7) തെരുവുനായ്ക്കളുടെ ഉന്മൂലനം

ശ്രീ. രാജു എബ്രഹാം : സംസ്ഥാനത്തെ അപകടകാരികളായ തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് 22.8.2016-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത വകുപ്പുമേധാവികളുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ 2016 സെപ്തംബർ 1 മുതൽ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും നിർദ്ദേശം നൽകുകയും അവയെ വന്ധ്യംകരിക്കുന്നതിനുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. തെരുവുനായ്ക്കളെ ജില്ലാടിസ്ഥാനത്തിൽ ഡോഗ് പാർക്കുകളിലേയ്ക്ക് മാറ്റുന്നതിനുള്ള കർമ്മപരിപാടി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ

മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI പ്രമേയം

ഒക്ടോബർ 7-ാം തീയതിയിലെ സഭാസമ്മേളനം ഒഴിവാക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : "പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിനായി അംഗീകരിച്ചിട്ടുള്ള കലണ്ടറിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ഒക്ടോബർ 7-ാം തീയതി വെള്ളിയാഴ്ചയിലെ സമ്മേളനം ഒഴിവാക്കാൻ ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## VII ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം

അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

(236,58,55,000 രൂപ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : മത്സ്യബന്ധനം എന്ന XXXIIIാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. സി. കൃഷ്ണൻ : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന മത്സ്യമേഖലയുടെ വികസനത്തിനായി മുൻ ഗവൺമെന്റ് ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ അധികാരത്തിൽവന്ന് നൂറ് ദിവസത്തിനകം മത്സ്യമേഖലയുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. തുടർച്ചയായുണ്ടാകുന്ന പ്രകൃതി ദുരന്തം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ മത്സ്യത്തൊഴിലാളികളുടെ ജീവിത പ്രയാസങ്ങൾ വർദ്ധിപ്പിക്കുന്നതിനിടയാക്കിയിട്ടുണ്ട്. കയറ്റുമതിയിനത്തിൽ രാജ്യത്തിന് ലഭിക്കുന്ന

വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്ന മത്സ്യമേഖലയെ അവഗണിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതോടൊപ്പം കേന്ദ്രത്തിൽ മത്സ്യമേഖലയ്ക്ക് പ്രത്യേകമായി ഒരു മന്ത്രാലയം ആരംഭിക്കണമെന്ന നിർദ്ദേശംകൂടി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവയ്ക്കണം. മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ നയങ്ങൾ തിരുത്തുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനും മുൻകയ്യെടുക്കണം. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി പൊതുജലാശയങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗിക്കാൻ നടപടി സ്വീകരിക്കണം. മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സംസ്ഥാനവ്യാപകമായി സംവിധാനം ഏർപ്പെടുത്തണം. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും കടങ്ങൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യഫെഡിലെ അഴിമതി അന്വേഷിക്കുന്നതിനും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും

നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഗീതാ ഗോപി</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സമഗ്രമായ ജല പരിഷ്കരണ നിയമം നടപ്പിലാക്കുന്നതിനും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ആദ്യവില്പനയ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് നിജപ്പെടുത്തുന്നതിന് വ്യവസ്ഥ കൊണ്ടുവരാനുമുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ തടസ്സമാകുന്ന സാഹചര്യം ഒഴിവാക്കാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നിയമഭേദഗതി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. ഭൂരഹിത ഭവന നിർമ്മാണ പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയതും മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ സമാശ്വാസ പദ്ധതി തുക വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള നീക്കം ചെറുക്കണം. മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി ചികിത്സാച്ചെലവുകൾക്ക് സമയബന്ധിതമായി ധനസഹായം ലഭ്യമാക്കണം. തീരദേശ പരിപാലന വികസന ഫണ്ടിൽ ഉൾപ്പെടുത്തി തീരദേശ റോഡുകൾ, തെരുവ് വിളക്കുകൾ, സി.എച്ച്.സി.-കൾ, ഫിഷറീസ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ തുടങ്ങിയ മേഖലകളിൽ പരമാവധി

വികസനം കൊണ്ടുവരുന്നതിനും തമ്പാൻകടവ് മുതൽ കയ്പമംഗലം വരെയുള്ള തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് നിലവിലുള്ള വീടും സ്ഥലവും നിലനിർത്തിക്കൊണ്ടുതന്നെ സുരക്ഷിതമേഖലകളിലേയ്ക്ക് മാറി താമസിക്കുന്നതിന് 10 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചതും പുലിമുട്ട് നിർമ്മാണത്തിന് 300 കോടി രൂപ നീക്കിവച്ചതും മത്സ്യബന്ധനമേഖലയോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മത്സ്യബന്ധനമേഖലയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകപോലും ചെലവഴിച്ചിരുന്നില്ല. മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി, ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി, മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് തുടങ്ങി മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വിവിധ ക്ഷേമപദ്ധതികളുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ചതും സബ്സിഡി നിരക്കിൽ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയതും മത്സ്യബന്ധനമേഖലയിൽ പ്രതിസന്ധിയുളവാക്കിയിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച്

പഠിക്കുന്നതിന് കേന്ദ്രഗവൺമെന്റ് നിയമിച്ച വിവിധ കമ്മീഷനുകൾ കേരളത്തിലെ മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങളെ അവഗണിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മുരാരി കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിനും കടലിൽ വിദേശ ട്രോളറുകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. കേരള തീരം ഉൾപ്പെടുന്ന 100 കി.മീ. ദൂരപരിധിയിൽ മത്സ്യബന്ധനം നടത്താനുള്ള പൂർണ്ണ അവകാശം പാരമ്പര്യ മത്സ്യത്തൊഴിലാളികൾക്കുമാത്രമായി നിജപ്പെടുത്തണം. വേമ്പനാട് കായലിലെ പോളപ്പായലുകളും മണൽത്തിട്ടകളും നീക്കം ചെയ്ത് മത്സ്യങ്ങളുടെ പ്രജനനത്തിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഫിഷറീസ് വകുപ്പ് മുൻകൈ എടുക്കണം. മത്സ്യബന്ധന തുറമുഖങ്ങളിലെ എക്കലും മണലും നീക്കം ചെയ്തും ഡ്രഡ്ജിംഗ് നടത്തിയും മത്സ്യബന്ധനത്തിനനുകൂലമായ സാഹചര്യമൊരുക്കണം. സി.ആർ.ഇസഡ്. നിയമവുമായി ബന്ധപ്പെട്ട് തീരദേശവാസികൾ നേരിടുന്ന ദുരിതത്തിന് അറുതി വരുത്തുന്നതിനും ഒ.ഡി.എഫ്. പദ്ധതിയിൽപ്പെടുത്തി തീരദേശത്തെ വീടുകളിൽ പ്രത്യേക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് രൂപീകരിച്ച അക്വേറിയം റിഫോംസ് ആക്ട് പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കേണ്ടതാണ്. ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ കുറവുകൾ പരിഹരിച്ച്

ഗുണഫലം മത്സ്യബന്ധന മേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇതര സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമായി ചേർന്ന് വിദേശ മത്സ്യബന്ധന ട്രോളറുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്ന ചൈനീസ് വലകളുടെ ഉപയോഗം നിയന്ത്രിക്കണം. ഫിഷറീസ് സ്കൂളുകൾക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനും ഫിഷ് ലാന്റിംഗ് സെന്റർ, പുലിമുട്ട് എന്നിവ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തീരദേശ മേഖലയിലെ എം.എൽ.എ.മാരുടെ യോഗം വിളിച്ചുചേർക്കണം.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് 5000 കോടി രൂപയിലധികം വിദേശ നാണ്യം നേടിത്തരുന്ന മത്സ്യബന്ധന മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റത്തെത്തുടർന്ന് പരമ്പരാഗത മത്സ്യങ്ങളുടെ ലഭ്യതയിലും ഉല്പാദന മേഖലയിലെ പ്രതിസന്ധി കാരണം മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിലും കാര്യമായ കുറവുണ്ടായിട്ടുണ്ട്. കേരള അക്വേറിയം റിഫോംസ് ആക്ട് നിയമമാക്കാനുള്ള നടപടി കൈക്കൊള്ളണം. വിദേശ കമ്പനികളുമായുണ്ടാക്കിയ സംയുക്ത സംരംഭകത്വം കാരണം അവരുടെ കപ്പലുകൾ ജലാതിർത്തി കടന്ന്

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ നശിപ്പിക്കുകയും മത്സ്യസമ്പത്ത് കൊള്ളയടിക്കുകയും ചെയ്യുന്നത് സംസ്ഥാന മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നു. മത്സ്യബന്ധന മേഖലയിൽ അനുവദിച്ചിരുന്ന പല സബ്സിഡികളും കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിരിക്കുകയാണ്. പുതിയ പദ്ധതികൾ പ്രഖ്യാപിച്ച് തീരദേശ റോഡുകൾ നിർമ്മിക്കുകയും കടലാക്രമണം തടയുന്നതിനായി പുലിമുട്ടുകൾ നിർമ്മിച്ച് തീരദേശം സംരക്ഷിക്കുകയും ചെയ്യുന്ന നടപടികളെ പിന്തുണയ്ക്കുന്നു. മത്സ്യബന്ധനത്തൊഴിലാളികളുടെ ക്ഷേമനിധി വിഹിതവും ക്ഷേമനിധി സെസ്സും അടയ്ക്കാൻ തൊഴിലുടമകൾ തയ്യാറാകാത്തതിന് പരിഹാരം കാണണം. ഉൾനാടൻ ജലാശയങ്ങളിലെ മലിനീകരണവും കയ്യേറ്റവും തടയുന്നതിനും കണ്ടൽക്കാടുകൾ സംരക്ഷിച്ചുകൊണ്ട് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടിയെടുക്കണം. ഗുണനിലവാരമുള്ള മത്സ്യവിത്തുകൾ നൽകുന്നതിനും മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കാൻ നിയന്ത്രിത വിപണി ഏർപ്പെടുത്താനും മത്സ്യസമ്പത്തിന് താങ്ങുവില പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം. കൂടാതെ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികളിൽ പങ്കാളിത്തം നൽകണം.

ശ്രീ. പി. സി. ജോർജ്: മത്സ്യോൽപ്പാദനത്തിൽ വന്ന കുറവ് കാരണം മത്സ്യക്കയറ്റുമതിയിൽ കേരളം ഒന്നാം സ്ഥാനത്തു നിന്നും നാലാം സ്ഥാനത്തേയ്ക്ക് മാറ്റപ്പെട്ടു. കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ ഇടപെടലുകൾ നടത്തി കടലാക്രമണം പ്രകൃതി ദുരന്തമായി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കണം. ആരോഗ്യത്തിന് ഹാനികരമായ വരവ് മത്സ്യങ്ങൾ കേരളത്തിലെ മാർക്കറ്റുകളിലെത്താതിരിക്കാനും എരുമേലി, ഈരാറ്റുപേട്ട എന്നിവിടങ്ങളിൽ ഹൈടെക്ക് മത്സ്യ മാർക്കറ്റ് തുടങ്ങാനും നടപടി സ്വീകരിക്കണം.

ശ്രീ. വി. അബ്ദുറഹിമാൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധന ഉപകരണങ്ങളും യാനങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സഹായം നൽകിയത് സ്വാഗതാർഹമാണ്. ഡീഗോ ഗാർഷ്യയിൽ തടവിലായിരുന്ന 19 മത്സ്യത്തൊഴിലാളികളെ നാട്ടിലെത്തിക്കാൻ കഴിഞ്ഞതും മത്സ്യബന്ധന മേഖലയിലെ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചതും മത്സ്യത്തൊഴിലാളികളുടെ അനാഥരായ മക്കളെ ദത്തെടുക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചതും ഈ മേഖലയിലെ ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്നതിനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. തീരദേശമേഖലയെ സംരക്ഷിക്കുന്നതിനുള്ള നിലപാടുകളാണ് സർക്കാർ

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്ത്രീ സംരംഭക മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ നിർമ്മിക്കുന്ന തീരമൈത്രീ ഉൽപ്പന്നങ്ങളുടെ 25000 കിറ്റുകൾ ഓണക്കാലത്ത് വിപണനം നടത്തുന്നതിനും മത്സ്യഫെഡ് വഴി ഗുണമേന്മയുള്ള മത്സ്യം വിതരണം ചെയ്യുന്നതിന് നാല് ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ സർക്കാർ സമ്പാദ്യ സമാശ്വാസ പദ്ധതി ധനസഹായം 3600 രൂപയായും മത്സ്യത്തൊഴിലാളികളുടെ വാർദ്ധക്യകാലപെൻഷൻ ആയിരം രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. അലങ്കാരമത്സ്യ കയറ്റുമതിയും കൃഷി പ്രോത്സാഹനവും ലക്ഷ്യമിട്ട് ആരംഭിച്ച കെ.എ.വി.ഐ.എൽ. (കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്) എന്ന സ്ഥാപനം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. കടലാക്രമണംമൂലം ജീവനും സ്വത്തും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മറൈൻ അക്വാ കൾച്ചർ യാഥാർത്ഥ്യമാക്കുന്നതിനും പൂർത്തീകരിച്ച ഹാച്ചറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങളായ വലകൾക്കും വള്ളങ്ങൾക്കും ഇൻഷ്വറൻസ്

പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്രസർക്കാരിന്റെ നയംമൂലം മത്സ്യമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ശരിയായ ദിശാബോധത്തോടുകൂടി മത്സ്യമേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. വികസനപദ്ധതികളുടെ പേരിൽ തീരദേശവും ജലാശയങ്ങളും കുത്തകകൾക്ക് കൈമാറാനും മത്സ്യത്തൊഴിലാളികളെയും തീരദേശവാസികളെയും സ്വന്തം മണ്ണിൽനിന്നും കുടിയിറക്കാനും നടത്തുന്ന ശ്രമങ്ങളെ ശക്തമായി എതിർക്കണം. ഭക്ഷ്യസുരക്ഷാ രംഗത്തും സമ്പദ്ഘടനയിലും സുപ്രധാന പങ്ക് വഹിക്കുന്ന മത്സ്യമേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യത്തിന്റെ പ്രജനനത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമായ തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കണം. ഉൾനാടൻ മത്സ്യബന്ധന നിയമവും തണ്ണീർത്തട സംരക്ഷണ നിയമവും കാര്യക്ഷമമായി നടപ്പിലാക്കുകയും ടൂറിസം വികസനത്തിന്റെ പേരിൽ ഭൂമാഫിയകൾ നടത്തുന്ന കായൽ-കടൽ കയ്യേറ്റങ്ങൾ

തടയുകയും വേണം. മത്സ്യബന്ധനത്തിനിടെ മരണമടയുന്നവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങളായ വലകൾക്കും വള്ളങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. വിദേശക്കപ്പലുകളുടെ കടന്നുകയറ്റംമൂലം മത്സ്യസമ്പത്ത് നഷ്ടപ്പെടുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്തണം. ട്രോളിംഗ് നിരോധനസമയത്തും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വഞ്ചികൾ കടലിൽ ഇറക്കി മത്സ്യബന്ധനം നടത്തുന്നതിനും വർഷകാലത്ത് കടലോരമേഖലകളിൽ സുരക്ഷാ സംവിധാനമേർപ്പെടുത്താനും കായലുകളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്ത് മത്സ്യസമ്പത്ത് സംരക്ഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. കടൽഭിത്തികൾ, പുലിമുട്ടുകൾ എന്നിവ നിർമ്മിച്ച് കടലാക്രമണങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കണം. അഴീക്കോട് മേഖലയിൽ ജങ്കാർ സർവ്വീസ് നടത്തുന്നതിനും തീരദേശ വികസനത്തിൽ കുടിയിറക്കപ്പെട്ടവർക്ക് സാമ്പത്തികസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്കാണെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ സമഗ്ര ജലപരിഷ്കരണ നയം ആവിഷ്കരിച്ചത് പ്രതീക്ഷാജനകമാണ്. സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന മത്സ്യമേഖലയുടെ സമഗ്രപുരോഗതിക്കായി ഇടതുപക്ഷ സർക്കാരുകൾ സ്വീകരിച്ചിട്ടുള്ള നയങ്ങൾ ഏറെ പ്രശംസാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും എ.പി.എൽ.-ബി.പി.എൽ വ്യത്യാസമില്ലാതെ ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം. CRZ പരിധിയിൽ ഉൾപ്പെടുന്ന വീടുകളുടെ പുനർനിർമ്മാണത്തിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടിയുണ്ടാകണം. വിദേശരാജ്യങ്ങളിൽനിന്നുംവരുന്ന മത്സ്യത്തിൽ അപകടകരമായ രാസപദാർത്ഥങ്ങൾ കലർന്നിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണം. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വീടുകൾ നവീകരിക്കാനും 'തീരദേശ ഗ്രാമം' പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ തീരദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കുട്ടികൾക്കുകൂടി പ്രവേശനം നൽകാനുള്ള അനുമതി നൽകണം. ചേറ്റുവ ഹാർബറിന്റെ ഡ്രെഡ്ജിംഗ് അടിയന്തരമായി നടത്തണം. ഫിഷറീസ് വകുപ്പിന്റെ ഒഴിവുള്ള സ്ഥലങ്ങളിൽ

മത്സ്യസംസ്കരണത്തിനുതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള ഗൗരവതരമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മത്സ്യസമ്പത്തിന്റെ ഉദ്പാദനം വർദ്ധിപ്പിക്കാനും മത്സ്യസമ്പത്ത് സംരക്ഷിക്കാനും ഉതകുന്ന ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. മത്സ്യബന്ധനത്തിന് നിലവിൽ സ്വീകരിച്ചുവരുന്ന രീതികളിൽ പലതും ഒഴിവാക്കേണ്ടതുണ്ട്. മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുന്നതിനും പേ ട്രോളിംഗിനെതിരെയും കർശന നടപടി സ്വീകരിക്കുന്നതാണ്. കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതാണ്. ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കാനും പ്രവർത്തനക്ഷമമല്ലാത്ത ഹാച്ചറികൾ പ്രവർത്തനക്ഷമമാക്കാനും നടപടി സ്വീകരിക്കുന്നതാണ്. ഭൂതത്താൻകെട്ട് ഉൾപ്പെടെ നാല് പുതിയ ഹാച്ചറികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കായുള്ള സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് നവംബർ മാസം 1-ാം തീയതി തുടക്കംകുറിക്കുന്നതാണ്. പൊന്നാനിയിലെയും കണ്ണൂർ ജില്ലയിൽ മാടായിയിലെയും മത്സ്യത്തൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ താമസംവിനാ നടപ്പാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട

നിർദ്ദേശങ്ങളടങ്ങിയ സമഗ്രമായ Coastal Management Plan തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന കോസ്റ്റൽ കണക്റ്റിവിറ്റി ഗ്രീൻ കോറിഡോർ സർക്കാരിന്റെ സ്വപ്നപദ്ധതിയാണ്. തീരദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എല്ലാ മത്സ്യബന്ധന തുറമുഖങ്ങളേയും ഫിഷ് ലാന്റിംഗ് സെന്ററുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശപാതയുടെ നിർമ്മാണമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സി.ആർ.ഇസഡ്. നിയമത്തിലെ അപാകതകൾ പരിഹരിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ഉറപ്പാക്കാൻ മത്സ്യഫെഡ് ലേലത്തിൽ നേരിട്ട് ഇടപെടും. ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ മേൽനോട്ടത്തിനായി മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതാണ്. മത്സ്യത്തിന്റെയും മത്സ്യ ഉല്പന്നങ്ങളുടേയും ഗുണമേന്മ ഉറപ്പുവരുത്തൽ, അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മത്സ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തൽ, വളർച്ച പൂർത്തിയാകാത്ത മത്സ്യങ്ങളുടെ വിപണനം തടയൽ, ലേലത്തുക നിജപ്പെടുത്തൽ,

മത്സ്യലേലത്തിന് ലൈസൻസ് നിർബന്ധമാക്കൽ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. മാർക്കറ്റുകളിലെ മത്സ്യവിപണന സമയം നിജപ്പെടുത്തി മത്സ്യത്തൊളിലാളി സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സ്ത്രീ സൗഹൃദ മത്സ്യമാർക്കറ്റുകൾ എന്ന പ്രോജക്ട് നടപ്പിലാക്കാനും കടലിൽ നിന്ന് പിടിക്കുന്ന മത്സ്യം നേരിട്ട് മാർക്കറ്റുകളിൽ എത്തിക്കുന്നതിനും സംവിധാനമുണ്ടാക്കും. ഇറക്കുമതി ചെയ്യുന്ന മത്സ്യങ്ങളിലെ മാരകമായ വിഷാംശം കണ്ടെത്തുന്നതിന് ആരോഗ്യം, ഫിഷറീസ് എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കും. ആധുനിക സംവിധാനമുള്ള മാർക്കറ്റുകൾ സ്ഥാപിക്കാൻ എല്ലാവരുടേയും പിന്തുണ അഭ്യർത്ഥിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ സാങ്കേതിക കാരണങ്ങളാൽ അനുബന്ധത്തൊഴിലാളികൾക്ക് നൽകാൻ കഴിയുകയില്ല. അടുത്ത സാമ്പത്തിക വർഷം മുതൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ബോർഡിംഗ് സ്കൂളുകളിൽ മത്സ്യ-അനുബന്ധ തൊഴിലാളികളുടെ കുട്ടികൾക്കുംകൂടി പ്രവേശനം അനുവദിക്കുന്നതാണ്. 300 കോടി രൂപ വകയിരുത്തി പുലിമുട്ടുകളുടെ നിർമ്മാണ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ

ഭാഗമായി മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതാണ്. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ മത്സ്യബന്ധനമേഖല വിപുലീകരിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. തദ്ദേശീയരായ തൊഴിലാളികളെ ഡീപ്പ് സീ ട്രോളിംഗിന് പര്യാപ്തമാക്കുന്നതിനും ആഴക്കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുന്നതാണ്. 03.12.2008-വരെ അപേക്ഷ നൽകിയവരെയും പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യബന്ധനത്തൊഴിലാളികളെയും കടാശ്വാസത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും പ്രസ്തുത തുക ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും മത്സ്യസമൃദ്ധി പദ്ധതി ഫലപ്രദമായി തുടരുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കടലിനേയും കടൽ സമ്പത്തിനേയുംകുറിച്ച് പഠനം നടത്തുന്ന ഏഷ്യയിലെ മികച്ച യൂണിവേഴ്സിറ്റിയായ കുഫോസ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽനിന്നും പോസ്റ്റുകൾ ട്രാൻസ്ഫർ ചെയ്യുന്നതിനും പ്രവർത്തനത്തിനാവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും ഓർണമെന്റൽ ഫിഷ് പദ്ധതി പുനരുദ്ധരിച്ചുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി 200 മത്സ്യഭവനുകൾ പുതുതായി ആരംഭിക്കാനും

മത്സ്യഡിപ്പാർട്ടുമെന്റിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 12.44-ന് പിരിഞ്ഞു)